സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 60 ലക്കം: 282 2026 ഫെബ്രുവരി 23 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

കേരളത്തിൽ 4ദിവസം കൂടി മഴ തുടരും

തൃശ്ശൂർ: കേരളത്തിൽ അടുത്ത നാല് ദിവസം കൂടി മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. അടുത്ത മൂന്ന് മണിക്കൂറിൽ കൊല്ലം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ട യിടങ്ങളിൽ നേരിയ മഴക്ക് സാധ്യതയുണ്ട്. വ്യാഴാഴ്ച വരെ മഴ തുടരുമെന്നാണ് മുന്നറിയിപ്പിൽ പറയുന്നത്. നേരിയ, ഇടത്തരം മഴക്കാണ് സാധ്യത . കോഴിക്കോട് ജില്ലയിൽ ഇടത്തരം ശക്തമായ മഴക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുണ്ട്.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'തന്ത്രി'യെച്ചൊല്ലി ഭരണപ്രതിപക്ഷങ്ങൾ നേർക്കുനേർ; സഭയിൽ പ്ലക്കാഡുകൾ ഉയർത്തി പോര്

തിരു: പതിനഞ്ചാം നിയമസഭയുടെ അവസാന സമ്മേളനം പുനരാരംഭിച്ചപ്പോൾ സ്വർണ്ണക്കൊള്ളയിൽ വീണ്ടും പ്രതിഷേധം ശക്തമാക്കി പ്രതിപക്ഷം. പ്ലക്കാഡുകൾ ഉയർത്തി മുദ്രാവാക്യം വിളിച്ച് പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങി. സോണിയയുടെയും പോറ്റിയുടെയും ചിത്രം ഉയർത്തിക്കാട്ടിയായിരുന്നു ഭരണപക്ഷ പ്രതിരോധം.

പ്രതിപക്ഷ നേതാവിന്റെ അസാന്നിധ്യത്തിൽ കെ. ബാബുവാണ് വിഷയം ഉന്നയിച്ചത്.

മന്ത്രി വി.എൻ. വാസവന്റെ രാജിയാവശ്യപ്പെട്ട് രണ്ട് പ്രതിപക്ഷ എംഎൽഎമാർ സഭയ്ക്ക് മുന്നിൽ സത്യാഗ്രഹം നടത്തുന്നുണ്ടെന്നും അവർക്ക് പിന്തുണ അറിയിച്ചുകൊണ്ടുള്ള പ്രതിഷേധം സഭയ്ക്ക് അകത്തുണ്ടാകുമെന്നും ബാബു പറഞ്ഞു. സഭാ നടപടികളുമായി സഹകരിക്കാൻ കഴിയില്ലെന്നും കെ. ബാബു വ്യക്തമാക്കി.

ഒപ്പം കോൺഗ്രസ്-ബിജെപി ബന്ധം ഉന്നയിച്ച് മന്ത്രിമാർ തിരിച്ചടിച്ചു. തന്ത്രിയെ തെളിവില്ലാതെ ജയിലിലടച്ചെന്ന് കെ.ബാബു പറഞ്ഞപ്പോൾ തന്ത്രിക്ക് എന്ത് പ്രത്യേകതയുണ്ടെന്ന് മന്ത്രി എം.ബി.രാജേഷ് തിരിച്ച് ചോദിച്ചു. മറ്റുപ്രതികളെപ്പോലെ ഒരാൾ മാത്രമാണ് തന്ത്രിയെന്നും കോൺഗ്രസും ബി.ജെ.പിയും തന്ത്രിയുടെ വക്കാലത്ത് ഏറ്റെടുത്തെന്നും എം.ബി രാജേഷ് പറഞ്ഞു.

നാരങ്ങാവെള്ളം കലക്കി ബിജെപിക്ക് കൊടുക്കാൻ കാത്തിരിക്കുകയാണ് മുസ്ലിം ലീഗ്. ഇവിടെ ഇരിക്കുന്ന കോൺഗ്രസുകാരിൽ എത്രപേർ നാളെ കോൺഗ്രസിൽ ഉണ്ടാകുമെന്ന് പറയാൻ കഴിയുമോ? തങ്ങളൊഴികെ സ്വർണം കട്ട എല്ലാവരേയും നിയമത്തിന് മുമ്പിൽ കൊണ്ടുവരണമെന്നാണോ യുഡിഎഫ് നിലപാടെന്നും മന്ത്രി എം.ബി. രാജേഷ് ചോദിച്ചു.

പ്രതിപക്ഷ പരാമർശം ഹൈക്കോടതിക്കെതിരെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. പ്രതിപക്ഷാംഗങ്ങളെ ജനം പുറത്തേക്കയക്കും എന്ന് ധനമന്ത്രി കെ.എൻ ബാലഗോപാലും പറഞ്ഞു.

കോൺഗ്രസ് ബി.ജെ.പിയുമായി കൂട്ടുചേരുന്നെന്നും കെ.എൻ.ബാലഗോപാൽ പറഞ്ഞു. അതേസമയം, നിയസഭ സമ്മേളനം നാളെ പിരിയാൻ ധാരണയായി. ഒൻപത് ബില്ലുകൾ നാളെ പാസാക്കും. സഭാ നടപടികളുമായി സഹകരിക്കില്ലെന്ന് പ്രതിപക്ഷം ആവർത്തിച്ചു.

കോൺക്രീറ്റ് സ്ലാബ് തകർന്നു വീണ് അപകടം; നാലുപേർക്ക് പരിക്ക്

കോഴിക്കോട്: കോഴിക്കോട് വലിയങ്ങാടിയിൽ കോൺക്രീറ്റ് തകർന്നുവീണ് അപകടം. തൊഴിലാളികൾക്കു മേലേക്കാണ് സൺഷെയ്ഡ് തകർന്നുവീണത്. ഉള്ളിൽ കുടുങ്ങിയ നാലുപേരെ തൊഴിലാളികൾ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റി. ഉള്ളിൽ ഇനിയും ആരെങ്കിലും കുടുങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്. ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. ഒട്ടനവധി ഇരുചക്ര വാഹനങ്ങളും കോൺക്രീറ്റിനടിയിൽ പെട്ടിട്ടുണ്ട്.

സ്വർണ്ണ വില ഉയർന്നു

തൃശ്ശൂർ: സംസ്ഥാനത്ത് സ്വർണത്തിന് വൻ വില ഉയർന്നു . ഗ്രാമിന് 190 രൂപയുടെ വർധനവാണ് ഇന്നുണ്ടായത്. 14,790 രൂപയായാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില ഇന്ന് വർധിച്ചത്. പവൻ വില 1520 രൂപ വർധിച്ച് 1,18,320 രൂപയായി. ആഗോള വിപണിയിലും സ്വർണവില വർധിച്ചിട്ടുണ്ട്. ഇതിന്റെ ചുവടുപിടിച്ചാണ് ഇന്ത്യയിലും വില ഉയർന്നത്.

മുഖ്യമന്ത്രിയുടെ ഓഫീസ് ഡാറ്റ മോഷണം നടത്തി, നിയമപരമായി നേരിടും – സതീശൻ

ഇടുക്കി: തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഔദ്യോഗിക സംവിധാനങ്ങളെ മുഴുവൻ സർക്കാർ ദുരുപയോഗം ചെയ്യുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ഇതിന്റെ ഭാഗമായാണ് ഡാറ്റാ മോഷണമടക്കം നടന്നതെന്നും അദ്ദേഹം ഇടുക്കിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സർക്കാരിന്റെ ഈ നീക്കത്തെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജീവനക്കാരുടെ ശമ്പളം നൽകുന്ന സ്പാർക്കിൽനിന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലെ സോഷ്യൽ മീഡിയ വിഭാഗമാണ് ഡാറ്റാ മോഷണം നടത്തിയിരിക്കുന്നതെന്നും കേസെടുത്ത് അന്വേഷണം നടത്തണമെന്നും സതീശൻ പറഞ്ഞു. വിഷയത്തെ നിയമപരമായി നേരിടുമെന്നും ആദ്ദേഹം വ്യക്തമാക്കി.

നവകേരള സർവേയ്ക്ക് ഡിവൈഎഫ്ഐക്കാർ വൊളന്റിയർമാരാകണമെന്ന് പാർട്ടിയാണ് സർക്കുലർ ഇറക്കിയത്. ഇതിനുശേഷം ഇവർക്ക് പണം നൽകാൻ സർക്കാർ ഉത്തരവിട്ടു. നാട്ടുകാരുടെ നികുതിപ്പണം ഉപയോഗിച്ച് സർക്കാരിന്റെ തിരഞ്ഞെടുപ്പ് പ്രചാരണം ഡിവൈഎഫ്ഐക്കാരെ കൊണ്ട് ചെയ്യിക്കാനുള്ള ശ്രമം കോടതി തടഞ്ഞു. ഇതിനുപുറമെ സർക്കാരിന്റെ നേട്ടങ്ങൾ ട്രൈബൽ കോളനികളിൽ പോയി വിവരിച്ചു കൊടുക്കണമെന്നാണ് പല ജില്ലകളിലേയും ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. ഇത്തരത്തിൽ ഔദ്യോഗിക സംവിധാനങ്ങളെ മുഴുവൻ ദുരുപയോഗം ചെയ്തുകൊണ്ട് വ്യാപകമായി തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുകയാണ് സർക്കാർ. കോടികളാണ് ഇതിനായി പിആർഡി മുടക്കുന്നത്, വി.ഡി. സതീശൻ പറഞ്ഞു.

കത്രിക വയറ്റിൽ കുടുങ്ങിയ സംഭവത്തിലും വിഡി സതീശൻ പ്രതികരിച്ചു. ഒറ്റപ്പെട്ട സംഭവങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങളിൽ മന്ത്രി നടത്തിയ അന്വേഷണവും ഉത്തരവുകളും അന്വേഷണ റിപ്പോർട്ടുകളും കൂടി ക്രോഡീകരിച്ചാൽ അതിന്റെ വോള്യംസ് വെക്കാൻ ഒരു വലിയ ഹാൾ പണിയേണ്ടിവരും. സംസ്ഥാനത്തുടനീളം ഒറ്റപ്പെട്ട സംഭവങ്ങളാണ്. എല്ലാ ദിവസവും റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു, സതീശൻ പറഞ്ഞു.

തൃശൂരിൽ പത്മജ വേണുഗോപാലിനെ മത്സരിപ്പിക്കാൻ ബിജെപി

തിരു : തൃശൂർ മണ്ഡലത്തിൽ ബിജെപി സ്ഥാനാർത്ഥിയായി പത്മജ വേണുഗോപാലിനെ മത്സരിപ്പിക്കാൻ നീക്കം. പത്മജ മത്സരത്തിനിറങ്ങണമെന്ന് സംസ്ഥാന നേതൃത്വത്തോട് ദേശീയ നേതൃത്വം ആവശ്യപ്പെട്ടെന്നാണ് വിവരം. കേന്ദ്രമന്ത്രി സുരേഷ് ഗോപിയ്ക്കും പത്മജയെ തൃശൂരിൽ മത്സരിപ്പിക്കാനാണ് താൽപര്യം. സുരേഷ് ഗോപിയുടെ സ്ഥാനാർത്ഥി എന്ന ലേബലിൽ തന്നെയായിരിക്കും പത്മജയെ തൃശൂരിൽ എത്തിക്കുന്നത്. എ ക്ലാസ് മണ്ഡലമായി ബിജെപി എല്ലാ കാലത്തും പരിഗണിക്കുന്ന സീറ്റാണ് തൃശൂർ.

നേരത്തെ പത്മജയെ ഗവർണർ സ്ഥാനത്തേക്ക് പരിഗണിക്കുമെന്നായിരുന്നു നേതൃത്വം അറിയിച്ചത്. എന്നാൽ ഇപ്പോൾ തൃശൂരിൽ ശക്തയായ ഒരു സ്ഥാനാർത്ഥി വേണമെന്ന ആവശ്യം മുൻനിർത്തിയാണ് ബിജെപിയുടെ നീക്കം. പിന്നിൽ നിന്ന് കുത്തിയവരുടെയും കാലുവാരിയവരുടെയും പേരെടുത്തു പറഞ്ഞാണ് 2024 മാർച്ച് 7ന് ഡൽഹിയിലെ ബിജെപി ആസ്ഥാനത്തെത്തി പ്രകാശ് ജാവദേക്കറിൽ നിന്ന് പത്മജാ വേണുഗോപാൽ അംഗത്വം സ്വീകരിച്ചത്.

ഒസ്യത്ത് പ്രകാരം കെ കരുണാകരന്റെ സ്മൃതികുടീരമിരിക്കുന്ന മുരളീ മന്ദിരത്തിന്റെ അവകാശിയാണ് പത്മജയെങ്കിലും കരുണാകരനെ ആഘോഷിച്ച തൃശൂരുകാർ പത്മജക്ക് തിരഞ്ഞെടുപ്പിൽ വിജയിക്കാനൊരവസരം നൽകിയിട്ടില്ല. സുരേഷ് ഗോപിയുടെ അപ്രതീക്ഷിത എൻട്രിയിലാണ് കഴിഞ്ഞ തവണ 946 വോട്ടുകൾക്ക് പത്മജ വീണത്. ഇത്തവണ തൃശൂരിൽ പത്മജയെ പിന്തുണയ്ക്കാൻ സുരേഷ് ഗോപി എത്തുമെന്നതാണ് മറ്റൊരു കൗതുകം.

അതേസമയം, ശോഭ സുരേന്ദ്രനെ പാലക്കാട് മത്സരിപ്പിക്കാനും നീക്കം നടക്കുന്നുണ്ട്. കഴിഞ്ഞ ഉപതിരഞ്ഞെടുപ്പിലടക്കം ബിജെപി മികച്ച പ്രകടനം കാഴ്ചവച്ച മണ്ഡലങ്ങളിലൊന്നാണ് പാലക്കാട്. നേമത്ത് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖറും, കഴക്കൂട്ടത്ത് വി മുരളീധരനുമാണ് സാദ്ധ്യത. മഞ്ചേശ്വരം മണ്ഡലത്തിൽ കെ സുരേന്ദ്രൻ, പാലക്കാട് കായംകുളം സീറ്റുകളിൽ ശോഭ സുരേന്ദ്രന്റെ പേരും പരിഗണനയിലുണ്ട്.

തിരുവനന്തപുരം മുൻ ജില്ലാ കളക്ടർ വി വി വിജയൻ അന്തരിച്ചു



തിരു : മുതിർന്ന ഐ എ എസ് ഉദ്യോഗസ്ഥനും തിരുവനന്തപുരം മുൻ ജില്ലാ കളക്ടറുമായിരുന്ന വി വി വിജയൻ (90) അന്തരിച്ചു. കുമാരപുരം ബർമാ റോഡിൽ മകളുടെ വസതിയായ കാർത്തികയിലായിരുന്നു അന്ത്യം. 1980 മുതൽ 83വരെയാണ് ജില്ലാ കളക്ടറായി സേവനമനുഷ്ഠിച്ചത്. വിവിധ ഔദ്യോഗിക പദവികൾ വഹിച്ചിരുന്നു. സിവിൽ സർവീസിലെ ഏറ്റവും സത്യസന്ധനും പ്രഗത്ഭനുമായ ഉദ്യോഗസ്ഥനായിരുന്നു.

പരേതയായ ഡോ. ബേബി സരസ്വതിയാണ് ഭാര്യ (റിട്ട യേർഡ് പ്രൊഫസർ, തിരുവനന്തപുരം മെഡിക്കൽ കോളേജ്). മക്കൾ: ഡോ. സീമ തമ്പി (സിറ്റി ഡെന്റൽ ക്ളിനിക്), ഡോ. ജയ വിജയൻ (യുഎസ് എ), രാജീവ് വിജയൻ (യുഎസ്എ). മരുമക്കൾ: ഡോ. തമ്പി പ്രഭാകരൻ (സിറ്റി ഡെന്റൽ ക്ളിനിക്), അജിത് കുമാർ (യുഎസ്എ), അഞ്ജു ശ്രീനിവാസൻ (എംഡി, കേരള കൗമുദി). സംസ്കാരം ഇന്ന് വൈകിട്ട് അഞ്ച് മണിക്ക് മുട്ടത്തറ മോക്ഷകവാടത്തിൽ.

കോടതിവിധിയിൽ പാളി ട്രംപൻ തീരുവ: ചർച്ചയിൽനിന്ന് തൽക്കാലം പിൻമാറി ഇന്ത്യ; വ്യാപാരക്കരാറിൽ ഇനിയെന്ത്?

ന്യൂഡൽഹി: ഇന്ത്യയും യുഎസും തമ്മിൽ ഇന്ന് ആരംഭിക്കേണ്ട ചർച്ചമാറ്റിവെച്ചതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള ഇടക്കാലവ്യാപാരക്കരാറിന്റെ ഉള്ളടക്കം സംബന്ധിച്ച അനിശ്ചിതത്വം തുടരുന്നു. ഇരു രാജ്യത്തിന്റെയും ചീഫ് നെഗോഷ്യേറ്റർമാർ തമ്മിൽ വാഷിങ്ടണിൽ നടത്താനിരുന്ന മൂന്നുദിവസത്തെ ചർച്ചയാണ് മാറ്റിവെച്ചത്. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങൾക്ക് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചുമത്തിയ ഇറക്കുമതിത്തീരുവ യു.എസ്. സുപ്രീംകോടതി മരവിപ്പിച്ച പശ്ചാത്തലത്തിലാണ് തീരുമാനം എന്നാണ് റിപ്പോർട്ട്.

ഫെബ്രുവരി 23, 24, 25 തീയതികളിലായിട്ടായിരുന്നു ചർച്ച നടക്കേണ്ടിയിരുന്നത്. വ്യാപാരക്കരാർ ഏപ്രിൽ മുതൽ പ്രാബല്യത്തിൽ വരുമെന്നായിരുന്നു നേരത്തെ വാണിജ്യ വകുപ്പ് മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞത്. ഇതിന് മുന്നോടിയായുള്ള ചർച്ചകളാണ് ഇന്ന് നടക്കാനിരുന്നത്. എന്നാൽ, സുപ്രീം കോടതിയുടെ ഉത്തരവോടെ ചർച്ച മാറ്റുകയായിരുന്നുവെന്നാണ് വിവരം. രണ്ടു രാജ്യങ്ങൾക്കും സൗകര്യപ്രദമായ മറ്റൊരു തീയതിയിൽ ചർച്ചനടക്കുമെന്ന് വാണിജ്യമന്ത്രാലയവൃത്തങ്ങൾ അറിയിച്ചിരിക്കുന്നത്.

ഇന്ത്യ അടക്കം വിവിധ രാജ്യങ്ങൾക്ക് തീരുവ ഏർപ്പെടുത്തിയ ട്രംപിന്റെ നടപടിയെ യുഎസ് സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചിരുന്നു. ട്രംപ് പ്രഖ്യാപിച്ച തീരുവ നിയമാനുസൃതമല്ലെന്നും ദേശീയ അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട 1977-ലെ നിയമം ദുരുപയോഗം ചെയ്തെന്നും സുപ്രീം കോടതി നിരീക്ഷിച്ചിരുന്നു. തുടർന്ന് തീരുവ റദ്ദാക്കുകയും ചെയ്തു. എന്നാൽ, സുപ്രീം കോടതി വിധി അംഗീകരിക്കാൻ ട്രംപ് തയ്യാറായില്ല. വിധിക്കുപിന്നാലെ വെള്ളിയാഴ്ച ട്രംപ് ഇന്ത്യ അടക്കമുള്ള രാജ്യങ്ങൾക്ക് 10 ശതമാനം തീരുവ പ്രഖ്യാപിക്കുകയുണ്ടായി. ഫെബ്രുവരി 24 മുതൽ ഇത് പ്രാബല്യത്തിൽ വരുമെന്നാണ് ട്രംപ് ആദ്യം അറിയിച്ചത്. എന്നാൽ ശനിയാഴ്ച അദ്ദേഹം വീണ്ടും വാക്കുമാറി. 15 ശതമാനം തീരുവ ഏർപ്പെടുത്തുന്നതായി പ്രഖ്യാപിച്ചു.

ഇന്ത്യയിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഭൂരിഭാഗം ഉത്പന്നങ്ങൾക്കും 18 ശതമാനം തീരുവ ചുമത്തിയുള്ള വ്യാപാരക്കരാറിന്റെ പ്രാഥമിക രൂപരേഖ സംബന്ധിച്ച് ഇരുരാജ്യങ്ങളും ഈ മാസം ആദ്യം ധാരണയായിരുന്നു. ഈ കരാറിൽ യാതൊരു മാറ്റവും ഉണ്ടാകില്ലെന്നാണ് ട്രംപ് അറിയിച്ചിരിക്കുന്നത്. ഇന്ത്യയുമായുള്ള ബന്ധം അസാധാരണമെന്നും ട്രംപ് പറഞ്ഞു.

അതിനിടെ, വ്യാപാരക്കരാറിനെ വിമർശിച്ചു കൊണ്ട് കോൺഗ്രസ് രംഗത്തെത്തി. യു.എസുമായി ധാരണയായ നിർദിഷ്ട ഇടക്കാല വ്യാപാരക്കരാർ, 'അബ്കി ബാർ ട്രംപ് സെഹാർ' (ഇത്തവണ ട്രംപിന്റെ പതനം) എന്നതിന് തെളിവാണെന്ന് കോൺഗ്രസ് പരിഹസിച്ചു. 2019-ൽ യു.എസ്. സന്ദർശന വേളയിൽ 'അബ് കി ബാർ ട്രംപ് സർക്കാർ' എന്നുപറഞ്ഞ് ഡൊണാൾഡ് ട്രംപിനുവേണ്ടി പ്രധാനമന്ത്രി നരേന്ദ്രമോദി തിരഞ്ഞെടുപ്പ് പ്രചാരണം നടത്തിയതിനെ പരിഹസിച്ചാണ് കോൺഗ്രസ് ജനറൽ സെക്രട്ടറി ജയ്റാം രമേഷ് ഇങ്ങനെ പറഞ്ഞത്.

കരാറിലെ വ്യവസ്ഥകൾ വീണ്ടും ചർച്ചചെയ്ത് കൃഷി ഉത്പന്നങ്ങളുടെ ഇറക്കുമതി ഇളവ് സംബന്ധിച്ച വ്യവസ്ഥകൾ റദ്ദാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ട്രംപ് പ്രഖ്യാപിച്ച ആഗോള തീരുവകൾ നിയമവിരുദ്ധമാണെന്ന് യു. എസ്. സുപ്രീംകോടതി വിധിച്ച സാഹചര്യത്തിലാണ് ആവശ്യം. ഇന്ത്യയുടെ, പ്രത്യേകിച്ച് കർഷകരുടെ താത്പര്യങ്ങൾ, സംരക്ഷിക്കുന്ന രീതിയിൽ കരാർ പുനഃപരിശോധിക്കണം. കർഷകരുടെ പ്രശ്നം ഉയർത്തിക്കാട്ടാൻ വിവിധ സംസ്ഥാനങ്ങളിൽ 'കിസാൻ മഹാസഭ' പരിപാടികൾ സംഘടിപ്പിക്കുമെന്നും ജയറാം രമേശ് പറഞ്ഞു.

നിര്യാതയായി

പരേതനായ കുറുവങ്ങാട്ടിൽ രവി കെ ഭാര്യ

ഡോ. രമണി പി കെ (72)

മുൻ മെഡിക്കൽ സൂപ്രണ്ട്,
തൃശൂർ ജില്ലാ സഹകരണ ആശുപത്രി
പാലിയം റോഡ്, വി പി എൻ ലൈൻ, തൃശൂർ

ജനനം: 12-12-1953 മരണം: 22-02-2026

പൊതുദർശനം: തൃശൂരിലെ വി പി എൻ ലൈനിൽ 36/705ലെ ആയില്യം കുറുവങ്ങാട്ടിൽ വസതിയിൽ

മകൻ: ഡോ. ലഫ്റ്റനന്റ് കേണൽ നവീൻ കെ ആർ
മരുമകൾ: മേജർ റിട്ട. സീമകുമാരി
ചെറുമകൾ: യാഷ കെ എൻ

ബന്ധുമിത്രാദികൾ ഇതൊരറിയിപ്പായി സ്വീകരിക്കാൻ അപേക്ഷ.

സുരേഷ് ഗോപിയുടെ മൊഴിയെടുത്തു

തൃശ്ശൂർ: ശബരിമല കൊടിമരനിർമ്മാണം സംബന്ധിച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ മൊഴിയെടുത്ത് വിജിലൻസ്. പ്രത്യേക സംഘം മൊഴിയെടുത്തത് ഇന്നലെ. സംഭാവന നൽകിയ സ്വർണത്തിന്റെ മൊഴി നൽകി. മോഹൻലാലിന്റെയടക്കം മൊഴിയെടുപ്പ് ഈ ആഴ്ച പൂർത്തിയാക്കും.

മുകുൾ റോയ് അന്തരിച്ചു

തൃശ്ശൂർ: മുൻ കേന്ദ്ര റെയിൽവേമന്ത്രി മുകുൾ റോയ് (71) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് കൊൽക്കത്തയിലായിരുന്നു അന്ത്യം. ഡിമെൻഷ്യയും മറ്റ് അസുഖങ്ങളും ബാധിച്ച് കോമയിലായിരുന്നു.

ടെമ്പോട്രാവലർ ബസുകളിലേക്ക് ഇടിച്ചുകയറ്റി; സ്കൂളിലെ തീപ്പിടിത്തത്തിൽ ദുരൂഹത; തീയിട്ടെന്ന് പരാതി

തിരു: ചേങ്കോട്ടുകോണം തുണ്ടത്തിൽ ട്രിവാൻഡ്രം സ്കോട്ടിഷ് സ്കൂളിലുണ്ടായ തീപ്പിടിത്തത്തിൽ ദുരൂഹതയെന്ന് പരാതി. സ്കൂൾഗ്രൗണ്ടിൽ നിർത്തിയിട്ടിരുന്ന ബസുകൾക്ക് ആരോ തീയിട്ടതാണെന്നാണ് സ്കൂൾ അധികൃതരുടെ പരാതി. സംഭവത്തിൽ കഴക്കൂട്ടം പോലീസ് അന്വേഷണം ആരംഭിച്ചു.

ഇന്ന് പുലർച്ചെ 2.45-ഓടെയാണ് സ്കൂൾവളപ്പിൽ വൻ തീപ്പിടിത്തമുണ്ടായത്. ഗ്രൗണ്ടിൽ നിർത്തിയിട്ടിരുന്ന സ്കൂൾബസുകൾക്കാണ് തീപ്പിടിച്ചത്. മൂന്ന് ബസുകൾ പൂർണമായും ഒരുബസ് ഭാഗികമായും കത്തിനശിച്ചു. സംഭവസമയത്ത് ഒരു സെക്യൂരിറ്റി ജീവനക്കാരൻ മാത്രമാണ് സ്കൂളിലുണ്ടായിരുന്നത്. തീ ആളിക്കത്തുന്നത് കണ്ട സമീപവാസികളാണ് അഗ്നിരക്ഷാസേനയെ വിവരമറിയിച്ചത്. തുടർന്ന് കഴക്കൂട്ടം, ചാക്ക എന്നിവിടങ്ങളിൽനിന്ന് അഗ്നിരക്ഷാസേന യൂണിറ്റുകളെത്തി തീയണയ്ക്കുകയായിരുന്നു. ഉടൻതന്നെ തീയണയ്ക്കാനായത് വലിയ അപകടം ഒഴിവാക്കി.

അതേസമയം, ബസുകൾ ആരോ കത്തിച്ചതാണെന്നാണ് സ്കൂൾ അധികൃതരുടെ പരാതി. രണ്ട് വലിയ ബസുകളും ഒരു ടെമ്പോ ട്രാവലർ മിനിബസുമാണ് പൂർണമായും കത്തിനശിച്ചത്. വലിയ ബസുകളെല്ലാം ഒരുമിച്ചാണ് നിർത്തിയിട്ടിരുന്നത്. ഒരു ടെമ്പോ ട്രാവലർ മറ്റൊരു സ്ഥലത്തും പാർക്ക്ചെയ്തിരുന്നു. എന്നാൽ, ടെമ്പോ ട്രാവലർ ബസുകളിലേക്ക് ഇടിച്ചുകയറ്റിയശേഷമാണ് തീയിട്ടതെന്നാണ് പറയുന്നത്. സംഭവത്തിൽ സിസിടിവി ദൃശ്യങ്ങളടക്കം പരിശോധിച്ചാൽ മാത്രമേ കൂടുതൽ വ്യക്തതവരികയുള്ളൂവെന്ന് പോലീസ് പറഞ്ഞു. കഴക്കൂട്ടം പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

നോഡിൽ ഓയിൽ: ബൈക്ക് യാത്രികർ തെന്നിവീണ് പരിക്ക്

തൃശ്ശൂർ: കൊടുങ്ങല്ലൂർ ചന്തപ്പുര - കോട്ടപ്പുറം ബൈപ്പാസ് പടാകുളം ജംഗ്ഷൻ സർവ്വീസ് റോഡിൽ തെന്നി വീണ് ബൈക്ക് യാത്രികർക്ക് പരിക്ക്. റോഡ് നിർമ്മാണ കരാർ കമ്പനിയായ ശിവാലയയുടെ ജീവനക്കാർ മുന്നറിയിപ്പില്ലാതെ റോഡിൽ ഓയിൽ ഒഴിച്ചതിനെ തുടർന്നാണ് അപകടം.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

കരുവന്നൂർ ബാങ്ക് തിരഞ്ഞെടുപ്പ് വിജയം: ബി ജെ പിക്കും കോൺഗ്രസിനും തിരിച്ചടിയെന്ന്

ഇരിങ്ങാലക്കുട: കരുവന്നൂർ സഹകരണ ബാങ്കിനെതിരെ തുടർച്ചയായി അപവാദ പ്രചരണം നടത്തിയ കോൺഗ്രസിനും ബിജെപി ക്കും കനത്ത തിരിച്ചടിയായി ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ് ഫലം. സ്വന്തം സ്ഥാനാർഥികളെ നിർത്താതെ കോൺഗ്രസ് ബിജെപിയെ സഹായിച്ചിട്ടും ഇടതുപക്ഷ മുന്നണി ഉജ്വല വിജയം നേടി. പോൾ ചെയ്ത 3039 വോട്ടിൽ 94 വോട്ടുകൾ അസാധുവായി. സാധുവായ 2945 വോട്ടുകളിൽ എൽ ഡി എഫ് സ്ഥാനാർഥികൾക്ക് 2002 മുതൽ 2131 വരെ വോട്ടുകൾ ലഭിച്ചു. 731 വോട്ടാണ് ബിജെപി പാനലിൽ ലഭിച്ച കൂടിയ വോട്ട്. ബാങ്കിലെ ചില ജീവനക്കാർ നടത്തിയ സാമ്പത്തിക തട്ടിപ്പിനെ തുടർന്നാണ് ബാങ്ക് പ്രതിസന്ധിയിലായത്. തുടർന്ന് കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിച്ചു. ബാങ്കിന്റെ പ്രവർത്തനം സാധാരണ നിലയിലെത്തിക്കാൻ ഭരണനേതൃത്വം നൽകിയിരുന്ന എൽ ഡി എഫിന്റെ നേതൃത്വത്തിൽ ശക്തമായ ഇടപെടലുകൾ നടത്തി. സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റികൾ സർക്കാർ പ്രത്യേകം അനുമതി നൽകിയ പദ്ധതികൾ കൂടി പ്രയോജനപെടുത്തി ബാങ്കിനെ ഏറെ മുന്നോട്ട് കൊണ്ടുപോയി. വായ്പ കുടിശിക പിരിച്ചെടുക്കുന്നതിലും നിക്ഷേപകരുടെ നിക്ഷേപം തിരികെ കൊടുക്കുന്നതിലും വലിയ പുരോഗതിയുണ്ടായി. ഈ ഘട്ടത്തിൽ ബിജെപിയും കോൺഗ്രസും വായ്പ തിരിച്ചടവ് മുടക്കുന്നതിനും നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുന്നതിനുമുള്ള സംഘടിത പ്രചാരണമാണ് നടത്തിയിരുന്നത്. ഇ ഡി യെ പ്രയോജനപെടുത്തി347 കോടിയുടെ വായ്പ ഫയലുകൾ പിടിച്ചെടുത്ത് നാല് വർഷം വായ്പ തിരിച്ചടവ് മുടക്കി. ഈ പ്രതിസന്ധികളെയും മറികടന്നാണ് ബാങ്ക് പ്രവർത്തനം പുരോഗമിച്ചത്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ കുപ്രചാരകരായ കോൺഗ്രസ് മത്സരരംഗത്ത് നിന്ന് ഒളിച്ചോടി. തെരഞ്ഞെടുപ്പിൽ മത്സരിക്കാതെ കോൺഗ്രസ് വോട്ടുകൾ ബിജെപിക്ക് മറിച്ചിട്ടും എൽഡിഎഫ് മിന്നും വിജയം നേടി.

ആർ എൽ ശ്രീലാൽ, അശോകൻ കുനിയത്ത്, ബാലൻ കൊറ്റായി, കെ ഡി ദാമോദരൻ നമ്പൂതിരി, വി എസ് സജി, എ സി സനീഷ്, എം ആർ അജിത്, മനോജ് പുളിയത്ത്പറമ്പിൽ, സി എം സാനി, ശ്രീമ രജീവ്, പി സി രഘു എന്നിവരാണ് വിജയിച്ചത് 40 വയസ്സിന് താഴെയുള്ള വനിതകളുടെ വിഭാഗത്തിൽ അഡ്വ.സുജില നിതീഷും നിക്ഷേപക വിഭാഗത്തിൽ പി കെ വത്സലൻ എന്നിവർ നേരത്തെ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

സി പി എം വിജയത്തിന്റെ അവകാശവാദം അപഹാസ്യം: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ:കരുവന്നൂർ സഹകരണ ബാങ്ക് തിരഞ്ഞെടുപ്പിലെ വിജയത്തിലെ സി പി എം ന്റെ അവകാശവാദം അപഹാസ്യമാണെന്ന് ഡി സി സി പ്രസിഡണ്ട് അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു. വർഷങ്ങളായി ഭരിച്ചിരുന്ന ബാങ്കിൽ ഭൂരിഭാഗം ഇടതുപക്ഷ അംഗങ്ങളാണെന്ന് എല്ലാവർക്കും അറിയാം.എന്നിട്ടും 13,000 അംഗങ്ങളിൽ കേവലം 3000 പേർ മാത്രമാണ് വോട്ട് രേഖപ്പെടുത്തിയത്. ഇത് കാണിക്കുന്നത് കോൺഗ്രസ് തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കാൻ എടുത്ത നിലപാട് ശരിവെക്കുന്നതാണെന്നാണ്. തിരഞ്ഞെടുപ്പിലെ വിജയം സി പി എം ആഘോഷിക്കുമ്പോൾ അവിടെ നടന്ന ക്രമക്കേട്, അഴിമതി,കെടുകാര്യസ്ഥത, കളവ് എന്നിവയെ സാധൂകരിക്കുന്നുവെന്നാണ്. നിക്ഷേപകർക്ക് എത്ര തുക തിരികെ നൽകാനുണ്ട്, ബാങ്കിന്റെ നിജസ്ഥിതി എന്നിവയെ കുറിച്ച് ധവള പത്രം ഇറക്കി സഹകാരികൾക്ക് നിക്ഷേപതുക തിരികെ നൽകാതെ തിരഞ്ഞെടുപ്പ് നടത്തരുതെന്നാണ് കോൺഗ്രസ് നിലപാട്, ഇത് ചെയ്യാതെ തിരഞ്ഞെടുപ്പ് നടത്തിയാൽ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുകയും പുതിയ ഭരണസമിതി ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവാകുകയും ചെയ്യും എന്നുള്ളതുകൊണ്ടാണ് ഇത്തരത്തിൽ കോൺഗ്രസ്നിലപാട് എടുത്തത്. ഈ നിലപാടിനൊപ്പം നിന്ന സഹകാരികൾക്ക് ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രത്യേകം നന്ദി പറയുന്നു. സഹകാരികളെ വഞ്ചിച്ച് നേടിയ വിജയം ആഘോഷമാക്കുന്ന സിപിഎം ജില്ലാ സെക്രട്ടറിയുടെ പ്രസ്താവന സഹകരികളോടുള്ള വെല്ലുവിളിയാണെന്നും അഡ്വ ജോസഫ് ടാജറ്റ് പറഞ്ഞു.

മണ്ണുത്തിയിൽ വാഹനാപകടം; കാർ തലകീഴായി മറിഞ്ഞു

തൃശ്ശൂർ: മണ്ണുത്തി ദേശീയ പാതയിൽ വെട്ടിക്കലിൽ മേൽപ്പാലത്തിന് സമീപം ഉണ്ടായ അപകടത്തിൽ കാർ തലകീഴായി മറിഞ്ഞു. ഇന്ന് രാവിലെയാണ് അപകടം ഉണ്ടായത്. സ്കോർപിയോയുടെ പിന്നിൽ ലംബോർഗിനി ഇടിച്ചായിരുന്നു അപകടം. നിയന്ത്രണം വിട്ട സ്കോർപിയോ ഡിവൈഡറിൽ ഇടിച്ചു മറിഞ്ഞു. അപകടത്തിൽ ആർക്കും പരിക്കില്ല. അപകടത്തെത്തുടർന്ന് ദേശീയപാതയിൽ ഗതാഗതക്കുരുക്ക് രൂപപ്പെട്ടു. കോട്ടയം സ്വദേശികളായ കുടുംബം ആയിരുന്നു സ്കോർപിയോയിൽ ഉണ്ടായിരുന്നത്.

നിര്യാതരായി

അന്തോണി

ചേലൂർ: തേമാലിത്തറ അച്ചങ്ങാടൻ തോമാസ് അന്തോണി (68) നിര്യാതനായി സംസ്കാരം ചൊവ്വാഴ്ച വൈകീട്ട് 4മണിക്ക് ചേലൂർ സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ ഭാര്യ-ആനി, മക്കൾ-റിനി, റിക്സൻ, മരുമകൻ-പരേതനായ ലിജോ

ഫ്രാൻസിസ്

പുതുക്കാട്: തെക്കേതെന്മ്പ് കോഴിപ്പാടൻ അന്തോണി മകൻ ഫ്രാൻസിസ് 55 വയസ്സ് നിര്യാതനായി സംസ്ക്കാരം ഉച്ചതിരിഞ്ഞ് 3 മണിക്ക് പുതുക്കാട് ഫൊറേന പള്ളി സെമിത്തേരിയിൽ ഭാര്യ-പ്രിൻസി, മക്കൾ -പ്രിൻസ്, ആൻസി മരുമക്കൾ-തോമസ്ൺ, ബിൻസി

ഇരിങ്ങാലക്കുട ശ്രീ കണ്ടേശ്വരം ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാദിനത്തോടനുബന്ധിച്ച് നടന്ന കാഴ്ച ശീവേലി എഴുന്നെള്ളിപ്പ്

'ഫാസിലിറ്റാസ്' പുസ്തക പ്രകാശനം നടന്നു

തൃശൂർ: തൃശൂർ സ്കോളാരിസ് സംഘത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഫാസിലിറ്റാസ്' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനച്ചടങ്ങ് ഫെബ്രുവരി 21-ന് രാവിലെ 11 മണിക്ക് തൃശൂർ ഗവ. ബി എഡ് കോളേജ്(IASE) പ്രിൻസിപ്പൽ ചേംബറിൽ വെച്ച് നടന്നു.

ചടങ്ങിന് ഡോ. ബെന്നി ജേക്കബ് സി അധ്യക്ഷത വഹിച്ചു. തുടർന്ന് IASE പ്രിൻസിപ്പാൾ ഡോ.ഹാപ്പി പി.വി പുസ്തകം പ്രകാശനം ചെയ്തു. മുഖ്യാതിഥിയായ മഹാജൂബിലി ബി. എഡ് കോളേജ് പ്രിൻസ്സിപ്പൽ ഡോ. ചാക്കോ ചിറമ്മൽ പുസ്തകം സ്വീകരിച്ച് മുഖ്യപ്രഭാഷണം നടത്തി. ഗ്രന്ഥത്തിന്റെ സൃഷ്ടിപരമായ മികവും അക്കാദമിക പ്രാധാന്യവും അദ്ദേഹം പ്രസംഗത്തിൽ പരാമർശിച്ചു.

കോളേജ് അധ്യാപകരും ഗവേഷകരും, ഗവേഷണ വിദ്യാർത്ഥികളും പങ്കെടുത്ത ചടങ്ങിൽ കോളേജ് സൂപ്രണ്ട്. ജയചന്ദ്രിക എ.എസ്, പ്രൊഫ. ജയന്തി എ., ബിന്ധ്യ ടി.കെ. പ്രൊഫ.ആൻ ജോർജ്ജ് സി, അൻവർ കെ, ആൽബർട്ട് തമ്പി, ആര്യ വി.എസ് എന്നിവർ ആശംസകളും അഭിനന്ദനങ്ങളും അറിയിച്ചു. Scholarias സംഘത്തിന്റെ സംയുക്ത പരിശ്രമത്തിന്റെ ഫലമായ ഈ ഗ്രന്ഥം വിദ്യാഭ്യാസ രംഗത്തിന് ഒരു മികച്ച സംഭാവനയാണെന്ന് പ്രസംഗകർ അഭിപ്രായപ്പെട്ടു. മുനീറ കെ സ്വാഗതവും, റോസ്വിൻ സി. പീറ്റർ നന്ദിപ്രസംഗം നടത്തി. ചടങ്ങ് ഉത്സാഹപൂർവ്വമായ അന്തരീക്ഷത്തിൽ സമാപിച്ചു.

ഡോ. പി.കെ രമണി നിര്യാതയായി

തൃശൂർ: ക്യാൻസറിനെതിരെ ദീർഘവും ധീരവുമായ പോരാട്ടം നടത്തിയ ശേഷം, ഡോ. രമണി പി.കെ. (72) തൃശൂരിലെ തന്റെ വസതിയിൽ അന്തരിച്ചു. പൊന്നരശേരി കറപ്പന്റെയും കാർത്ത്യായനിയുടെയും മകളായി ജനിച്ച ഡോ. രമണി ജീവിതത്തിന്റെ ഭൂരിഭാഗവും തൃശൂരിൽ ചെലവഴിച്ചു. സ്കൂൾ വിദ്യാഭ്യാസവും ബി.എസ്സിയും പൂർത്തിയാക്കിയ ശേഷം, പ്രശസ്തമായ കാലിക്കറ്റ് മെഡിക്കൽ കോളേജിലെ 18-ാം ബാച്ചിൽ മെഡിക്കൽ വിദ്യാർത്ഥിനിയായി ചേർന്നു. ഡോക്ടറായ ശേഷം, തൃശ്ശൂർ സഹകരണ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു. 35 വർഷത്തെ ചരിത്രപരമായ സേവന കാലയളവോടെ അവർ എ.ആർ.എം.ഒ ആയി ചേരുകയും ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ടായി വിരമിക്കുകയും ചെയ്തു. ഭർത്താവ് പരേതനായ രവി കെ. കുറുവങ്ങാട്ടിൽ (68). മകൻ: ലഫ്റ്റനന്റ് കേണൽ നവീൻ കെ.ആർ, മരുമകൾ മേജർ (റിട്ട.) സീമ കുമാരി, ചെറുമകൾ യാഷ കെ എൻ.

കാറളം കുമരഞ്ചിറ ഭരണിയോടനുബന്ധിച്ച് കാറളം CDSന്റെ ഉത്സവ ചന്ത പഞ്ചായത്ത് പ്രസിഡന്റ് കെ കെ ശിവൻ കുട്ടി ഉദ്ഘാടനം ചെയ്തു. ചെയർ പേഴ്സൺ ജിജി ഗോപി അദ്ധ്യക്ഷത വഹിച്ച ചടങ്ങിന് വൈ. ചെയർപേഴ്സൺ ഷൈജ ദീലിപ് സ്വാഗതം ആശംസിച്ചു. അഗ്രി CRP ചിന്ത സുഭാഷും CDS മെമ്പർമാരും പങ്കെടുത്തു.